# മലപ്പട്ടം ഗ്രാമ പഞ്ചായത്ത്

# ബഡ്ജറ്റ് 2024-25

മാന്യരേ,

മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബഡ്ജറ്റാണ് അഭിമാന പൂർവ്വം ഞാനിവിടെ അവതരിപ്പിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിന് ആമുഖ പ്രഭാഷണം നടത്തിയ ബഹു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ.പി രമണി, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ, ജീവനക്കാർ തുടങ്ങി ഈ ബഡ്ജറ്റ് അവതരണത്തിന് ഇവിടെ എത്തിച്ചേർന്ന നിങ്ങൾ ഏവരേയും 2024-25 വർഷത്തെ ബഡ്ജറ്റ് അവതരണത്തിനായുള്ള പ്രത്യേക യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ വികസന വസന്തം വിടരുന്നതിന് നിർണ്ണായക ചലനം കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്ന പരിമിതമായ ഫണ്ടുകൾക്കൊപ്പം, എം.എൽ.എ. ഫണ്ടുകളും മറ്റ് സ്രോതസുകളിൽ നിന്നുള്ള ഫണ്ടുകളും നേടിയെടുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. എം.എൽ.എ. ഫണ്ടിനത്തിൽ, 11 - ാം വാർഡിൽ കൊവുന്തല തായത്ത് വയൽ അടിച്ചേരി റോഡിന് 10 ലക്ഷം രൂപയും തൈക്കണ്ടി കാപ്പാട്ട് കുന്ന് റോഡിന് 80 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. കൂടാതെ മലപ്പട്ടം ഹൈസ്ക്കൂളിന് സമീപം വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കാൻ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വികസനത്തിന് അടിത്തറ പാകുന്ന പലപ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 100% ജനങ്ങൾക്കും റോഡ് സൗകര്യം നേടാനായി. ആരോഗ്യ രംഗത്ത് വിസ്മയകരമായ വിപ്ലവമാണ് മലപ്പട്ടത്തിന്റേത്. മലപ്പട്ടം ഫാമിലി ഹെൽത്ത് സെന്ററിനെ സംസ്ഥാനത്തെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥാപനമാക്കാൻ നമുക്ക് കഴിഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലേക്കുയരുന്ന ഗവ. ഹയർ സെക്കണ്ടറി സ്കൂളും, മലപ്പട്ടത്തിന്റെ വികസനത്തിന് വഴിയൊരുക്കുന്ന റിവർ ടൂറിസം പദ്ധതിയും പൂർത്തിയാവുന്നതോടെ മലപ്പട്ടത്തിന്റെ മുഖച്ഛായ മാറുമെന്നതിൽ സംശയമില്ല. ഹൈസ്കൂളിന് മുൻവർഷം സംസ്ഥാന ബഡ്ജറ്റിൽ ഒരു കോടി രൂപ നീക്കിവെച്ചത് പ്രകാരം ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.

മാലിന്യ മുക്ത പഞ്ചായത്താക്കാനും, ഹരിതാഭ പടർത്താനും നാം തുടങ്ങിയ ഹരിതം നിർമ്മലം പദ്ധതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി മുന്നോട്ടു പോവുകയാണ്. 2024 ഓടു കൂടി സമ്പൂർണ്ണ മാലിന്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെടാൻ നിരവധി പ്രവർത്തനങ്ങളാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. മുഴുവൻ വീടുകളിലും റിംഗ് കമ്പോസ്റ്റ്, മലിനജലക്കുഴി എന്നിവയും നൽകി വരുന്നു. മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ മുനമ്പ് മുതൽ 2.5 കി.മി നീളത്തിൽ റോഡിന്റെ ഇരു വശവും ചെടികൾ വെച്ച് പിടിപ്പിച്ചത് ഏവരുടെയും പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. ഇത് കണിയാർവയൽ വരെ വ്യാപിപ്പിക്കാനുള്ള പ്രവർത്തനം ഏറ്റെടുക്കാൻ നമുക്ക് കഴിയണം. തൊഴിലുറപ്പ് പദ്ധതിയെ പരമാവധി പ്രയോജനപ്പെടുത്തി മണ്ണ്-ജല സംരക്ഷണ പദ്ധതിക്കും അടിസ്ഥാന സൗകര്യ വികസന

പദ്ധതിക്കും നേതൃത്വം കൊടുത്ത് വികസനത്തിനൊരുങ്ങാൻ ഈ ബഡ്ജറ്റ് ശ്രദ്ധിച്ചിട്ടുണ്ട്.

'പരിമിതമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം' എന്നതാണ് ഈ ബഡ്ജറ്റ് ലക്ഷ്യം വെക്കുന്നത്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക, പെർമിറ്റ് ഫീ എന്നിവയാണ് പ്രധാന തനത് വരുമാനം. ഈ സാമ്പത്തിക വർഷം നികുതികൾ 85 % പിരിച്ചെടുക്കുന്നതിനും വികസനഫണ്ട് നാളിതുവരെ അലോട്ട്മെന്റ് ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. ഇതിനായി ആത്മാർത്ഥമായി പ്രയത്നിച്ച എല്ലാ ജീവനക്കാരേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും പഞ്ചായത്ത് ഭരണ സമിതിക്ക് വേണ്ടി അഭിനന്ദിക്കുന്നു. ഈ വർഷവും സമ്പൂർണ്ണ നികുതി പിരിവും ചെലവ് പുരോഗതിയും ലക്ഷ്യമിടുന്നു. അതോടൊപ്പം തനത് ഫണ്ട് വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനവും നമുക്ക് തുടരേണ്ടതുണ്ട്. കഴിഞ്ഞ വർഷം നികുതി പരിഷ്കരണം ലക്ഷ്യംവെച്ച് വസ്തു നികുതി നിരക്ക് 3/- രൂപയിൽ നിന്ന് 6/ - രൂപയായി വർദ്ധിപ്പിക്കുന്നതിന് സർക്കാരിനോട് അപേക്ഷിച്ചിരുന്നെങ്കിലും നികുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനായി അംഗീകാരം ലഭിച്ചില്ല. എന്നിരുന്നാലും നിലവിലുള്ള നികുതിയുടെ 5% ഓരോ വർഷവും വർദ്ധിപ്പിക്കുവാനുള്ള തീരുമാനവും സേവന നികുതി 7% കൂട്ടിയതും നമുക്ക് ചെറിയ ആശ്വാസമായിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾക്ക് 8% നികുതി കൂട്ടാൻ തീരുമാനിച്ചത് നമുക്ക് ഏറെ ആശ്വാസമാകും. ഇതോടെ മൈനസ് പഞ്ചായത്ത് എന്ന നിലയിൽ നിന്ന് നമുക്ക് മാറാനാകും.

നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വിലയേറിയ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയ ഈ ബഡ്ജറ്റ്

നിങ്ങളുടെ സജീവ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

2024-25 സാമ്പത്തിക വർഷം നികുതി വരവായി 33,50,000/- രൂപയും നികുതിയേതര വരവിനത്തിൽ 41,90,000/- രൂപയും, ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 72,00,000/- രൂപയും, വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റായി 1,29,26,640 രൂപയും/-, റോഡ് അറ്റകുറ്റപ്പണിക്കായി 80,51,000/- രൂപയും, റോഡിതര അറ്റകുറ്റപ്പണികൾക്കായി 39,07,000/-രൂപയും, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 3,00,00,000/- രൂപയും, തൊഴിലുറപ്പ് പദ്ധതിക്ക് 3,55,47,750/- രൂപയും, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 25,00,800/- രൂപയും, മറ്റു വിവിധ വരവുകളായി 34,67,728/- രൂപയും ചേർന്ന് ആകെ വരവ് 11,11,40,918/- രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പട്ടത്തെ മലപ്പട്ടമാക്കുന്നത് കാർഷിക മേഖലയാണ്. ഈ ബഡ്ജറ്റിൽ ഉത്പാദന മേഖലയ്ക്ക് ഊന്നൽ നൽകുന്നു എന്നത് സസന്തോഷം പങ്ക്വെക്കുന്നു. നെൽകൃഷി വികസനം, ജൈവ പച്ചക്കറി ഉത്പാദനം, ചെറുധാന്യ പയർ വർഗ്ഗ വിത്ത് വിതരണം, ബയോ ഫെർട്ടിലൈസർ വിതരണം എന്നിവയ്ക്കെല്ലാം ഊന്നൽ നൽകിയിട്ടുണ്ട്. അതോടൊപ്പം സേവന മേഖലയ്ക്കും, പശ്ചാത്തല മേഖലയ്ക്കും തുല്യ പ്രാധാന്യം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 71,09,550/- രൂപ ആസ്തി നിർമ്മാണത്തിനായി മാറ്റി വച്ചിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണ പ്രൊജക്ടുകൾക്ക് പ്രത്യേക പ്രധാന്യം നൽകിയിട്ടുണ്ട്. വികലാംഗർ, വൃദ്ധർ, ശിശുക്കൾ, വനിതകൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. വനിതകൾക്കായി 9,28,840/- രൂപയും സ്വാന്ത്വന പരിചരണത്തിനായി 5,00,000/- രൂപയും വയോജനങ്ങളുടെ ക്ഷേമം, കുട്ടികളുടെയും ഭിന്നശേഷിക്കാരുടേയും

ക്ഷേമം എന്നിവക്കായി 5,75,600/- രൂപയും വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ - കുടിവെള്ള- ശുചിത്വ മേഖലയ്ക്കും ഫണ്ടുകളുടെ ലഭ്യതക്കനുസരിച്ച് പ്രാധാന്യം നൽകിയിട്ടുണ്ട്. പട്ടികജാതി മേഖലയിലും ലഭ്യമായ മുഴുവൻ ഫണ്ടും ഉപയോഗിച്ച് പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. പശ്ചാത്തല മേഖലയിൽ തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനോടൊപ്പം പഞ്ചായത്തിലെ പരമാവധി റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ഈ ബഡ്ജറ്റ് മുൻഗണന നൽകുന്നുണ്ട്. പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി സംഭാവനകളും സഹായങ്ങളും സന്മനസുള്ളവരിൽ നിന്നും സ്വരൂപിച്ചുകൊണ്ട് അശരണരായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ അർഹരായവരെ കണ്ടെത്തി പരമാവധി സഹായം ലഭ്യമാക്കുന്നതാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനും ഉദ്യോഗസ്ഥ ജനപ്രതിനിധി കൂട്ടായ്മ വളരെ അത്യാവശ്യമാണ്. നാളിതുവരെ നിങ്ങൾ നൽകിയ നിസ്വാർത്ഥ സേവനം തുടർന്നും എല്ലാവരിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുൻബാക്കി ഉൾപ്പെടെ ആകെ 11,30,91,129/- രൂപ വരവും 11,06,77,818/- രൂപ ചെലവും 24,13,311/- രൂപ മിച്ചവുമുള്ള 2024-25 വർഷത്തേക്കുള്ള ബഡ്ജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നമ്മുടെ സാമ്പത്തിക വിഭവം പരിമിതമാണെന്ന് നമുക്കറിയാം. എന്നാൽ പ്രബുദ്ധരും, സാമൂഹിക ബോധവും കൈമുതലാക്കിയ പൊതു സമൂഹം മലപ്പട്ടത്തിന്റെ കരുത്താണ്. ജനകീയ പങ്കാളിത്തത്തിലൂടെ നമുക്ക് പലതും നേടിയെടുക്കാനാകും എന്ന് നമ്മൾ തെളിയിച്ചിട്ടുണ്ട്. ജനങ്ങളാണ് നമ്മുടെ കരുത്ത് . ആ കരുത്തിനെ ആവേശമാക്കി നമുക്ക് മുന്നോട്ട് പോവണം. ഭരണ സമിതിയും ഉദ്യോഗസ്ഥരും, ജനങ്ങളും തോളോട് തോൾ ചേർന്ന്

പ്രവർത്തിച്ചാൽ നമ്മുടെ പഞ്ചായത്തിനെ വികസന രംഗത്ത് മുൻനിരയിൽ എത്തിക്കാൻ സാധിക്കും എന്നതിൽ സംശയമില്ല. അതിനായി എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

അതിദരിദ്രരില്ലാത്ത ഒരു കേരളം സൃഷ്ടിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച പദ്ധതി പ്രകാരം മലപ്പട്ടം പഞ്ചായത്തിൽ 12 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇവരെയെല്ലാം അതിദരിദ്ര പട്ടികയിൽ നിന്ന് മോചിപ്പിക്കാൻ നമുക്ക് ഇതിനകം നമുക്ക് സാധിച്ചിട്ടുണ്ട്. എം.എൽ.എ. മുൻകൈ എടുത്ത് നടപ്പിലാക്കുന്ന തളിപ്പറമ്പ് മണ്ഡലം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ കണ്ടെത്തിയ 3009 പഠിതാക്കളെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരരാക്കാനും ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതി പ്രകാരം കണ്ടെത്തിയ വീടില്ലാത്ത 54 പേരിൽ ഇതിനോടകം 34 പേർക്ക് വീട് നൽകുവാനും കഴിഞ്ഞു. ഈ വർഷം 5 പേർക്കു കൂടി നൽകുന്നതോടെ ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിൽ ജനങ്ങളെ സഹായിക്കുവാൻ മലപ്പട്ടം പഞ്ചായത്തിൽ സാദ്ധ്യമായി എന്ന് നമുക്ക് അഭിമാനിക്കാം. 15 പേർക്ക് വീട് വെയ്ക്കുന്നതിന് സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ആയതിനുള്ള ശ്രമം നടത്തുന്നതാണ്. എല്ലാവർക്കും നന്മകൾ നേർന്നു കൊള്ളുന്നു.

സസ്നേഹം,

**ഇ. ചന്ദ്രൻ മാസ്റ്റർ,**

*വൈസ് പ്രസിഡന്റ് & ധനകാര്യ*
*സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ,*
*മലപ്പട്ടം ഗ്രാമ പഞ്ചായത്ത്.*